# ജില്ലാ ജൂനിയർ ബേസ്ബോൾ; വടകര സെന്റ് ആന്റണീസ് ജി.എച്ച്.എസും നയൻ സ്ട്രൈക്കേഴ്സ് സ്പോർട്സ് അക്കാദമിയും ജേതാക്കൾ

കോഴിക്കോട്: കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിൽ വെച്ച് നടന്ന 22ാമത് ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ സ്പോർട്ടിംഗ് പ്രൊവിൻസ് ക്ലബ്ബിനെ (72) ന് പരാജയപ്പെടുത്തി നയൻ സ്ട്രൈക്കേഴ്സ് സ്പോർട്സ് അക്കാദമിയും പെൺകുട്ടിയുടെ വിഭാഗത്തിൽ എളേറ്റിൽ എം.ജെ.എച്ച്.എസ്.എസിനെ (94)നു പരാജയപ്പെടുത്തി വടകര സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂളും ജേതാക്കളായി. സമാപന ചടങ്ങിൽ ജില്ലാ ബേസ്ബോൾ അസോസിയേഷൻ പ്രസിഡന്റ് ടി.സി അഹമദ്  വിജയികൾക്ക് മെഡലുകളും ട്രോഫികളും വിതരണം ചെയ്തു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് കെ.അബ്ദുൽ മുജീബ് അധ്യക്ഷത വഹിച്ചു. സംസ്ഥാന അസോസിയേഷൻ ട്രഷറർ ശുഹൈബ് അസീസ് മുഖ്യാതിഥിയായി.ചടങ്ങിൽ   കെ.അക്ഷയ്,ടി.യു ആദർശ് , വിപിൽ വി ഗോപാൽ,ദേവിക നമ്പ്യാർ, ആകാശ് അശോക് കുമാർ തുടങ്ങിയവർ സംസാരിച്ചു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ സ്വാഗതവും നിരഞ്ജന ബി അനിൽ നന്ദിയും പറഞ്ഞു. ഈ മാസാവസാനം കോട്ടയത്ത് വെച്ച് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട താരങ്ങളെ തെരഞ്ഞെടുത്തു.



*പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ വടകര സെന്റ് ആന്റണീസ് ജി.എസ്.എസ് ടീമിന് ടി.സി അഹമദ് ട്രോഫി സമ്മാനിക്കുന്നു*